3952/A/Accts/KSHO

2-2-2021

## Notice

Sub:- Kudumbashree – Inviting Expression of Interest reg :-

Kudumbashree is inviting Expression of Interest for appointment of Professionals for filing GST and Income Tax returns. The details of assignments, general conditions, qualification etc. are appended. The last date for submitting the Expression of Interest will be 20.2.2021. The EOI will be opened on 22-2-2021 in the presence of Director (A & F) at 4 P.M

SD/-
Director (A&F)

Approved for Issue

Accounts Officer

**SURESH KUMAR. T**
Pen: 100921
Under Secretary to Govt.
on Deputation as Accounts Officer
State Poverty Eradication Mission
Govt. of Kerala, Thiruvananthapuram-11
Telefax: 0471-2554714, 17

# ആദായനികുതി, ~~സേവന നികുതി~~ ജിഎസ്ടി പ്രൊഫഷണലുകളുടെ നിയമനം

## I. പ്രവൃത്തികൾ

**ആദായനികുതി (Income Tax)**

1. കുടുംബശ്രീ മിഷനിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് കിഴിവ് വരുത്തുന്ന ആദായനികുതി,
2. വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട് വിവിധ ബില്ലുകളിൽ നിന്ന് കിഴിവ് വരുത്തുന്ന ആദായനികുതി കൃത്യസമയങ്ങളിൽ ഒടുക്കുക. ടി കിഴിവുകൾ സംബന്ധിച്ച റിട്ടേൺ കൃത്യമായ ഇടവേളകളിൽ ഫയൽ ചെയ്യുക.
3. ആദായനികുതി സംബന്ധിച്ച നോട്ടീസ് മറുപടി സ്റ്റേറ്റ്മെന്റ് തയ്യാറാക്കുക. അപ്പീൽ ആവശ്യമുള്ള സന്ദർഭത്തിൽ അപ്പീൽ ഫയൽ ചെയ്യുക, നേർ വിചാരണയ്ക്ക് ആവശ്യപ്പെടുന്ന സാഹചര്യങ്ങളിൽ നേർ വിചാരണയ്ക്ക് ഹാജരാവുക.
4. അപ്പീൽ ഫയലിംഗുമായി ബന്ധപ്പെട്ട ~~വ്യവസ്ഥകൾക്കും~~ നടപടികൾക്കും ആവശ്യമായ സേവനം ഉപദേശവും മേൽനോട്ടവും നൽകുക.
5. ആദായനികുതിയുമായി ബന്ധപ്പെട്ട കൺസൽട്ടൻസി സർവ്വീസ്, തുടങ്ങിയ അനുബന്ധ സേവനങ്ങൾ

Goods & Service Tax (GST)

1) വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട് മിഷനിൽ ഈടാക്കുന്ന ജിഎസ്ടി കിഴിവുകൾ യഥാസമയം ഒടുക്കുക. ടി കിഴിവുകൾ അടിസ്ഥാനമാക്കി ജിഎസ്ടി റിട്ടേൺ ഫയൽ ചെയ്യുക.
2) GST സംബന്ധമായ വിഷയങ്ങളിലുള്ള നോട്ടീസുകൾക്ക് സമയബന്ധിതമായി മറുപടി സ്റ്റേറ്റ്മെന്റ് തയ്യാറാക്കുക. ജിഎസ്ടി സംബന്ധിച്ച് അപ്പീൽ ആവശ്യമുള്ള സന്ദർഭങ്ങളിൽ അപ്പീൽ തയ്യാറാക്കുക.
3) ജിഎസ്ടി നിരക്ക് അനുബന്ധ സംശയങ്ങൾ എന്നിവയ്ക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി നൽകുക. GST വിഷയത്തിലുള്ള കൺസൽട്ടൻസി സർവ്വീസ്.
4) ജിഎസ്ടി ഓഡിറ്റ് കൃത്യതയോടെ സമയബന്ധിതമായി പൂർത്തിയാക്കുക.
5) ജിഎസ്ടി വിഷയങ്ങളിൽ നേർവിചാരണയ്ക്ക് ഹാജരാവുക.

## പൊതുവായ പ്രവൃത്തികൾ

1. ആദായനികുതി/ജിഎസ്ടി. നികുതി എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കാലാനുസൃത പരിഷ്ക്കാരങ്ങൾ ചൂണ്ടിക്കാണിക്കുക.
2. ആദായനികുതി/ജിഎസ്ടി സംബന്ധിച്ച് കുടുംബശ്രീ ജീവനക്കാരിൽ പൊതു അവബോധം സൃഷ്ടിക്കുന്നതിനായുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

## II. യോഗ്യത

1. രണ്ട് പേരിൽ കുറയാതെ ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ സേവനം ലഭ്യമാക്കുന്ന സ്ഥാപനം.
2. സ്വന്തമായി രണ്ടിൽ കുറയാത്ത ടാക്സ് മേഖലയിൽ സ്പെഷ്യലൈസ് ചെയ്യുന്ന നിയമോപദേശകരുടെ സേവനം ലഭ്യമാകുന്ന സ്ഥാപനം.

## III. പ്രവൃത്തി പരിചയം

1. ആദായ നികുതി സംബന്ധിച്ച വിഷയങ്ങളിൽ 10 വർഷത്തെ പ്രവൃത്തിപരിചയം
2. ജിഎസ്ടി സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ 2 വർഷത്തെ പ്രവൃത്തി പരിചയം
3. ആദായനികുതി അധികാരികളുമായി പ്രസക്ത വിഷയങ്ങൾ ചർച്ച ചെയ്യുക. പരിചയം

## IV. പൊതുവ്യവസ്ഥകൾ

1. കുടുംബശ്രീ ഏൽപ്പിക്കുന്ന എല്ലാ ജോലികളും നിയമാനുസൃതമായ നിർദ്ദിഷ്ട സമയപരിധിക്കകം ചെയ്യേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തിയാൽ ആയതിന്റെ കഷ്ട നഷ്ടങ്ങൾക്ക് ~~താങ്കളുടെ~~ സ്ഥാപനം പൂർണ്ണമായും ഉത്തരവാദിയായിരിക്കും.
2. സേവന കാലാവധിക്ക് മുമ്പായി ടി സേവനത്തിൽ നിന്ന് പിന്മാറാൻ/ഒഴിവാകാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല. അപ്രകാരം ഒഴിയണമെങ്കിൽ മുൻകൂറായി ഒരു മാസത്തെ നോട്ടീസ് നൽകേണ്ടതാണ്.
3. സേവനം തൃപ്തികരമല്ലെന്ന് ബോധ്യമായാൽ, സേവന കാലാവധിക്ക് മുൻപായി ഏത് നിമിഷവും ഒരു മാസത്തെ നോട്ടീസ് നൽകി സേവനം അവസാനിപ്പിക്കുന്നതിന് കുടുംബശ്രീയ്ക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്.

4. മേൽ വ്യവസ്ഥകളുടെ ലംഘനത്തെ തുടർന്ന് കുടുംബശ്രീ എന്തെങ്കിലും നഷ്ടം ഉണ്ടായാൽ അതിന് ~~താങ്കളുടെ~~ സ്ഥാപനം ഉത്തരവാദിയായിരിക്കും.

5. ഈ നിയമനം കേവലം താത്ക്കാലിക അടിസ്ഥാനത്തിലുള്ളതായിരിക്കും. കേരള സർക്കാരിന്റെയോ, കമ്പനി നിയമങ്ങളുടെയോ അടിസ്ഥാനത്തിലോ സർവ്വീസ് നിയമങ്ങളുടെ അടിസ്ഥാനത്തിലോ യാതൊരു ആനുകൂല്യങ്ങളും അവകാശപ്പെടുന്നതിന് താങ്കളുടെ സ്ഥാപനത്തിന് അവകാശമുണ്ടായിരിക്കുന്നതല്ല.

6. സേവന കാലാവധി 1 വർഷത്തേയ്ക്ക് ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. സേവനം തൃപ്തികരണമാണെങ്കിൽ ആയത് വർഷംതോറും ദീർഘിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**V. ഫീസ്:-** താത്പര്യപത്രത്തിൽ വിവരിച്ചിട്ടുള്ള വിവിധ പ്രവൃത്തികൾ/സേവനങ്ങൾക്കുള്ള നൽകേണ്ടതായ തുകകൾ, വാർഷിക അടിസ്ഥാനത്തിൽ മേൽ പ്രവൃത്തികൾ സംയോജിപ്പിച്ച് ചെയ്യുന്നതിന് പൊതു അടങ്കൽ തുകയാണ് ക്വോട്ട് ചെയ്യുന്നെങ്കിൽ ആയത് എന്നിവ രേഖപ്പെടുത്തിയാണ് താത്പര്യപത്രം സമർപ്പിക്കേണ്ടത്.

01/02/2021